**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2124** **05-02-2026-ൽ മറുപടിയ്ക്ക്**

**സാമ്പത്തിക തട്ടിപ്പ് നടത്തിയ സ്വകാര്യ ഏജൻസിക്കെതിരെ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. എ. ലത്തീഫ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴയിലും എറണാകുളത്തും പ്രവർത്തിക്കുന്ന ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസി എന്ന ഏജൻസി വഴി എം. ബി. ബി. എസ്. പഠനത്തിന് ചേർന്ന വിദ്യാർത്ഥികളെ കബളിപ്പിച്ച് പണം തട്ടിയത് സംബന്ധിച്ച് വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

**മറുപടി:** ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ. നിയാസിനെതിരെ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 303/2025 U/s 318(4), 351 (2) BNS, ക്രൈം നം. 996/2025 U/s 318(4) BNS, ക്രൈം നം. 997/2025 U/s 318(4) BNS എന്നിങ്ങനെ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസുകളിൽ അന്വേഷണം പൂർത്തിയാക്കി ബഹു.കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ കേസുകൾ വിചാരണയിലാണ്.

മേൽപ്പറഞ്ഞ മൂന്ന് കേസുകളുടെയും കുറ്റപത്രങ്ങളുടെ പകർപ്പുകൾ അനുബന്ധം (എ), (ബി), (സി) ആയി ചേർത്തിരിക്കുന്നു.

**(ബി)** ഏതൊക്കെ കേസുകളിലാണ് കുറ്റപത്രം നൽകിയിട്ടുള്ളതെന്നും മറ്റു കേസുകളുടെ അന്വേഷണം ഏതു ഘട്ടങ്ങളിലാണെന്നും വിശദീകരിക്കുമോ; കുറ്റപത്രങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

**മറുപടി:** ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു.

**(സി)** തട്ടിപ്പ് നടത്തിയ വ്യക്തിയെ രണ്ട് ഡി. വൈ. എസ്. പി.മാർ സഹായിക്കുന്നുവെന്ന ആരോപണം സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തെ കൊണ്ട് അന്വേഷിപ്പിക്കുമോ;

**മറുപടി:** ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു.

**(ഡി)** വെള്ളറട പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രജിൻ എന്ന യുവാവ് പിതാവ് ജോസിനെ കൊലപ്പെടുത്തുവാൻ ഇടയാക്കിയത് പ്രസ്തുത സ്ഥാപന ഉടമ കബളിപ്പിച്ചതിനെ തുടർന്നുണ്ടായ പ്രശ്നങ്ങൾ മൂലമാണെന്ന മാതാവിന്റെ വെളിപ്പെടുത്തലിൽ കേസ് രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** Asian Educational Consultancy Pvt. Ltd എന്ന സ്ഥാപനം ചതി ചെയ്യതുവഴി പണനഷ്ടവും കരിയർ നഷ്ടവും സംഭവിച്ചത് സംബന്ധിച്ച് പ്രജിൻ ജോസ് ജെ.എസ് എന്നയാൾ മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയിൽ പോലീസ് നടത്തിയ അന്വേഷണത്തിൽ പരാതിക്കാരൻ HSK Certificate (Chinese Language Certificate) യൂണിവേഴ്സിറ്റിയിൽ ഹാജരാക്കാത്തതിനാലാണ് കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതെന്നും രജിസ്ട്രേഷനും പേയ്മെന്റും സംബന്ധിച്ച് പ്രശ്നങ്ങളില്ലായെന്നുമാണ് അറിയാൻ സാധിച്ചിട്ടുള്ളത്.

ഇക്കാര്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയിൽ നിന്നും വിവര ശേഖരണം നടത്തിയ ശേഷം നിയമനടപടി ആവശ്യമെങ്കിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഇ)** എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ മുൻപ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അവരുടെ മൊഴി രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഉത്തരം (D) യിൽ ചേർത്തിരിക്കുന്നു

**(എഫ്)** സ്ഥാപന ഉടമ കബളിപ്പിക്കലിലൂടെ കോടിക്കണക്കിന് രൂപ സമ്പാദിച്ചതിനെതിരെ പ്രത്യേക അന്വേഷണം നടത്തുമോ; രാജ്യം വിടാൻ സാധ്യതയുള്ളതിനാൽ പ്രസ്തുത വ്യക്തിയുടെ പാസ്പോർട്ട് തടഞ്ഞ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഇതുമായി ബന്ധപ്പെട്ട് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസുകളിൽ അന്വേഷണം പൂർത്തിയാക്കി ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ കേസുകൾ വിചാരണയിലാണ്.

**(ജി)** പ്രസ്തുത സ്ഥാപനത്തിനെതിരെയുള്ള അന്വേഷണം നിരീക്ഷിക്കുന്നതിന് ഒരു ഉന്നത പോലീസ്/ നിയമ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉത്തരം (F) ൽ ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**